പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2725 18.08.2017 ൽ മറുപടിയ്ക്ക്

## സാക്ഷരതാ മിഷൻ നടപ്പാക്കി വരുന്ന തുടർവിദ്യാഭ്യാസ പദ്ധതി

| | ചോദ്യം<br>ശ്രീ.യു.ആർ.പ്രദീപ് | | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സാക്ഷരതാ മിഷൻ നടപ്പാക്കി വരുന്ന തുടർ വിദ്യാഭ്യാസ പദ്ധതിയുടെ വിലയിരുത്തൽ സർക്കാർ നടത്തിയിട്ടുണ്ടോ;എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടപ്പിലാക്കി വരുന്ന തുടർവിദ്യാഭ്യാസ പദ്ധതികളും, തുല്യതാ പരിപാടികളും, സർക്കാരിന്റെ അംഗീകാരത്തോടെയാണ് നടത്തി വരുന്നത്. മിഷന്റെ പ്രവർത്തനങ്ങൾ ബഹു.മുഖ്യമന്ത്രി ചെയർമാനായുള്ള ജനറൽ കൗൺസിലും, ബഹു.വിദ്യാഭ്യാസവകുപ്പ് മന്ത്രി ചെയർമാനായുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുമാണ് വിലയിരുത്തുന്നത്. തുടർവിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായുള്ള തുല്യതാ പദ്ധതികൾ പൊതുവിദ്യാഭ്യാസ സെക്രട്ടറി ചെയർമാനായുള്ള തുല്യതാ ബോർഡും വിലയിരുത്തി വരുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ തുല്യതാ പഠനത്തിനായി എത്തുന്ന പഠിതാക്കളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടത്തിയ പത്താം തരം തുല്യതാ കോഴ്സിന്റെ 10-ാം ബാച്ചിൽ (2015-16) 31,226 പഠിതാക്കളും, 11 -ാം ബാച്ചിൽ 36,645 പഠിതാക്കളും, രജിസ്റ്റർ ചെയ്യുകയുണ്ടായി. 5419 പഠിതാക്കളുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br>ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന്റെ ഒന്നാം ബാച്ചിൽ (2015-17) 19,708 പേരും, രണ്ടാം ബാച്ചിൽ (2016- 18) 14,934 പേരും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

......2

| | | | |
|---|---|---|---|
| (സി) | സാക്ഷരതാ മിഷൻ നേരിട്ട് നടത്തുന്ന പരിശീലനങ്ങൾക്ക് പുറമേ ഏതെങ്കിലും ഏജൻസികളോ സന്നദ്ധ സ്ഥാപനങ്ങളോ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ടോ; വിശദമാക്കാമോ; | (സി) | ഇല്ല |
| (ഡി) | വിദ്യാഭ്യാസ സ്ഥാപനങ്ങൾ ,എൻ. ജി. ഒ. കൾ തുടങ്ങിയവയുടെ സഹായ-ത്തോടെ പദ്ധതി കൂടുതൽ പേരിലേക്ക് എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | പരിശോധിക്കുന്നതാണ്. |

Haduna

സെക്ഷൻ ഓഫീസർ